17/06/2020

2.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in

**ഹർജി നമ്പർ എ.പി. 574(3)/2013/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 3559/എസ്.ഐ.സി.ജി1/2013)**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷിബി.എ.എ, അഡ്വക്കേറ്റ്,
പൂജാഭവൻ, പവർ ഹൗസ് എക്സ്റ്റൻഷൻ റോഡ്,
സെമിത്തേരി ജംഗ്ഷൻ, എറണാകുളം, കൊച്ചി – 18. } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ,
എ.എം.യു.പി.സ്കൂൾ, മേൽമുറി സൗത്ത്,
കാടാംപുഴ പി.ഒ, മലപ്പുറം.

2) അപ്പീൽ അധികാരി ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കുറ്റിപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26.11.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 17.12.2012 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08.12.2012 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21.03.2013 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 18.03.2013 |

## ഉത്തരവ്

ശ്രീ.എ.എ.ഷിബി കമ്മീഷനിൽ സമർപ്പിച്ച ഈ അപ്പീൽ ഹർജിയിൽ കാണിച്ചിരിക്കുന്നത് ടിയാൻ 21.03.2013 ന് അപ്പീൽ സമർപ്പിച്ചിരിക്കുന്നതായിട്ടാണ്. എന്നാൽ അതേ അപ്പീൽ 18.03.2013 ന് കമ്മീഷനിൽ കൈപ്പറ്റിയതായി കമ്മീഷന്റെ ഓഫീസ് സീലിൽ നിന്നും മനസ്സിലാക്കുന്നു. അപ്പീൽ ഹർജിയിലെ തീയതികളിലുള്ള അപാകതകൾ മാപ്പാക്കികൊണ്ട് ഈ അപ്പീൽ ഹർജിയും അനുബന്ധ രേഖകളും, അപ്പീൽ അധി

കാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

മലപ്പുറം ജില്ലയിലെ കാടാംപുഴ എ.എം.യു.പി സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ.വി.കെ.പൗലോസ് ഏറ്റവും അവസാനം സർക്കാരിന്/ വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ച സ്വത്ത് വിവരങ്ങളുടെയും ടിയാന്റെ സർവ്വീസ് ബുക്കിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്. ഈ രണ്ട് വിവരങ്ങളും വ്യക്തി വിവരങ്ങളുടെ പട്ടികയിൽപ്പെടുത്താവുന്നതാണ്. ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്ക് കടന്നുകയറ്റം നടത്തുന്ന രീതിയിലുള്ള വിവരങ്ങൾ ആരായണമെങ്കിൽ അതിനനുസരിച്ചുള്ള പൊതുതാൽപര്യം ഉണ്ടായിരിക്കണം. അത്തരം ഒരു പൊതുതാൽപര്യമൊന്നും ഈ അപ്പീൽ ഹർജിയിൽ കാണിച്ചിട്ടില്ല. ആ സ്ഥിതിക്ക് ഈ അപ്പീൽ ഹർജി അനുവദിക്കാതെ തള്ളികൊണ്ട് ഇന്നേ ദിവസം, 2020 മാർച്ച് മാസം 2 –ാം തീയിതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN